പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2093 **26-10-2026-ൽ മറുപടിയ്ക്ക്**

നെല്ലിന്റെ സംഭരണവില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) നെല്ലിന് കിലോഗ്രാമിന് 35രൂപ സംഭരണവില ഏർപ്പെടുത്തുമെന്ന് യു.ഡി.എഫ് വാഗ്ദാനം നല്കിയിരുന്നോ; എങ്കിൽ ഈ വാഗ്ദാനം എപ്പോൾ നടപ്പാക്കുമെന്ന് അറിയിക്കാമോ;

മറുപടി: ഈ സർക്കാർ അധികാരമേറ്റ ശേഷം വിഷൻ 2031 പ്രകാരം നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 35/- രൂപയാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.

(ബി) നെല്ല് സംഭരണം അനിശ്ചിതമായി നീട്ടിയതുമൂലം കർഷകർ ദുരിതത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: നെല്ല് സംഭരണം സമയബന്ധിതമായി തന്നെ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒന്നാം വിള നെല്ല് സംഭരണം 2026 ഒക്ടോബർ ആദ്യവാരം തന്നെ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 38 സ്വകാര്യ മില്ലുകൾ സപ്ലൈക്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊയ്ത്ത് ആരംഭിച്ച പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനുള്ള ഫീൽഡ് തല നടപടികൾ പുരോഗമിച്ചുവരുന്നു. പാഡി മാർക്കറ്റിംഗ് ഓഫീസർ (PMO) / പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ (PQAO) മുഖേന കർഷക രജിസ്ട്രേഷൻ, ഗുണനിലവാര പരിശോധന, സംഭരണം എന്നിവ ഏകോപിപ്പിച്ചിട്ടുണ്ട്.

(സി) ഉയർന്ന സംഭരണ വില പ്രഖ്യാപിച്ച് നെല്ല് സംഭരണം അടിയന്തരമായി നടത്താൻ നടപടി സ്വീകരിക്കുമോ?

മറുപടി: കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഒന്നാം വിള സീസണിലെ നെല്ലിന്റെ മിനിമം താങ്ങുവില **(എം.എസ്.പി)** 2025-26 സീസണിൽ Common ₹2,369/ക്വിന്റൽ, Grade A ₹2,389/ ക്വിന്റൽ എന്നീ ഇനങ്ങൾക്ക് 2026-27 സീസണിൽ Common - ₹2,441/ക്വിന്റൽ, Grade A - ₹2,461/ ക്വിന്റൽ എന്ന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട് (common നെല്ലിനും Grade A നെല്ലിനും ₹72/ക്വിന്റൽ വീതം വർദ്ധനവുണ്ടായിട്ടുണ്ട്).

2025-26 ഒന്നാം വിള സീസണിലേയ്ക്കുള്ള നെല്ലിന്റെ താങ്ങുവില **(MSP)** ഒരു കിലോഗ്രാം നെല്ലിന് കേന്ദ്ര സർക്കാർ നിശ്ചയിച്ച **23.69** രൂപയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായ സംസ്ഥാന പ്രോത്സാഹന തുക (SIB) 6.31 രൂപയായി നിശ്ചയിച്ച് മൊത്തം സംഭരണവില 30.00 രൂപയായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിരുന്നു.

ഒരു ക്വിന്റൽ നെല്ലിന് 12 രൂപ എന്ന നിരക്കിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന കൈകാര്യചിലവ് സഹിതം ഒരു കിലോ നെല്ലിന് നിലവിൽ 30.12 രൂപ പി.ആർ.എസ്. വായ്പയായി അനുവദിച്ചു വരുന്നു.

2026-27 നെല്ല് സംഭരണ സീസണിൽ കേന്ദ്ര മന്ത്രാലയം അനുവദിച്ചിട്ടുള്ളതിന് ആനുപാതികമായി സംസ്ഥാന പ്രോത്സാഹന ബോണസ് തുക (എസ്.ഐ.ബി.) പുതുക്കി നിശ്ചയിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. 2025-26 നെല്ല് സംഭരണ സീസണിൽ സംസ്ഥാന സർക്കാർ അനുവദിച്ച ഇൻസെന്റീവ് ബോണസ് (State Incentive Bonus) വിഹിതം 6.31 രൂപയാണ്.

സെക്ഷൻ ഓഫീസർ